# കേരള നിയമസഭ
# 07.02.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 7, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി

ജലവിഭവ വകുപ്പുമന്ത്രി

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

പട്ടികജാതി –പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

## <u>മരുന്നുകൾ രോഗികളുടെ വീട്ടിലെത്തിക്കുന്ന പദ്ധതി</u>

*61 ശ്രീ. ആർ. സെൽവരാജ്
,, വർക്കല കഹാർ
,, അൻവർ സാദത്ത്
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരുന്നുകൾ രോഗികളുടെ വീട്ടിലെത്തിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആരുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഫാമിലി കാർഡും ഡിസ്കൗണ്ട് കം ലോയൽറ്റി കാർഡും വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കാർഷിക മേഖലയെ സംരക്ഷിക്കാൻ പദ്ധതി</u>

*62 ശ്രീ. ജെയിംസ് മാത്യൂ
,, എം. ചന്ദ്രൻ
,, സി. കെ. സദാശിവൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയെ തുടർന്ന് പ്രതിസന്ധിയിലായ കാർഷിക മേഖലയെ സംരക്ഷിക്കാൻ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കി എന്നറിയിക്കുമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഏതെങ്കിലും ജലസേചനപദ്ധതി പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്ന് കരാർ പ്രകാരം വെള്ളം ലഭിക്കുന്നുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) കാവേരി ട്രിബ്യൂണൽ വിധി പ്രകാരം കേരളത്തിന് അർഹമായ ജലം മുഴുവൻ ലഭ്യമാകുന്നുണ്ടോ; അതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി</u>

*63 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, രാജു എബ്രഹാം
,, വി. ചെന്താമരാക്ഷൻ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയെ തുടർന്ന് സംസ്ഥാനത്ത് അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; ഇതിനായി എത്ര തുക അധികമായി ചെലവഴിച്ചു;

(ബി) കുടിവെള്ളക്ഷാമത്തിന്റെ മറവിൽ സ്വകാര്യ ടാങ്കർ ലോറി ഉടമകൾ ജനങ്ങളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നറിയിക്കുമോ;

(സി) ശുദ്ധജലസ്രോതസ്സിൽ നിന്നാണ് ടാങ്കറുകൾ ജലവിതരണം നടത്തുന്നതെന്ന് ഉറപ്പാക്കാൻ എന്ത് സംവിധാനമാണുള്ളത്?

# കേരള നിയമസഭ
# 07.02.2013–ലെ മറുപടിക്ക്

<u>കുടിവെള്ളത്തിന്റെ പരിശുദ്ധി</u>

*64 ശ്രീ. പി.ബി. അബ്ദുൾ റസാക്
,, എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, പി.കെ.ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുദ്ധമായ കുടിവെള്ളം ജനങ്ങളുടെ ജൻമാവകാശമായി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ശുദ്ധമായ കുടിവെള്ളമാണ് വിതരണം നടത്തുന്നതെന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ മുൻകരുതലുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കുടിവെള്ളത്തിന്റെ പരിശുദ്ധി ഉറപ്പാക്കാൻ എത്ര ലബോറട്ടറികൾ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്നുണ്ട്; എവിടെയെല്ലാം?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കടല്‍ത്തീര സംരക്ഷണം</u>

*65 ശ്രീ. വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, പി. ഉബൈദുള്ള
,, കെ. എം. ഷാജി
,, അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കടല്‍ത്തീര സംരക്ഷണാര്‍ത്ഥം സ്വീകരിച്ചുവരുന്ന പ്രതിരോധ നടപടികള്‍ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പരമ്പരാഗത കടല്‍ഭിത്തി നിര്‍മ്മാണം കടലാക്രമണം ചെറുക്കുന്നതിന് ഫലപ്രദമല്ലെന്നും അത് കടല്‍ത്തീരത്തിന് പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്നുണ്ടെന്നുള്ള അഭിപ്രായങ്ങള്‍ പരിശോധിച്ചിട്ടുണ്ടോ;

(സി) തീരസംരക്ഷണത്തിനുതകുന്നതും ജൈവവൈവിദ്ധ്യം നിലനിര്‍ത്തി പാരിസ്ഥിതിക പ്രശ്നങ്ങള്‍ സൃഷ്ടിക്കാത്തതുമായ പുതിയ സംവിധാനങ്ങളെക്കുറിച്ചുള്ള നിര്‍ദ്ദേശങ്ങളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കില്‍ അത് സംബന്ധിച്ച വിശദവിവരം നല്‍കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ പ്രവർത്തനം</u>

*66 ശ്രീ. ഇ. പി. ജയരാജൻ
,, എ. എം. ആരിഫ്
,, ബാബു. എം. പാലിശ്ശേരി
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ നടത്തിപ്പ് യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനിക്കു പകരം റിലയൻസിനെ ഏൽപ്പിച്ചതിന്റെ കാരണം വിശദമാക്കുമോ;

(ബി) 2011 ജനുവരി 3 ന് ഇറക്കിയ ഉത്തരവുപ്രകാരം യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനി ലിമിറ്റഡിനെ 2011-12 മുതൽ മൂന്നുവർഷത്തേയ്ക്ക് പദ്ധതി നടത്തിപ്പ് ഏല്പിച്ച് നൽകിയിരുന്നത് മാറ്റാനിടയായ സാഹര്യം വ്യക്തമാക്കുമോ;

(സി) ക്ലെയിം നൽകുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയതിനെ തുടർന്ന് റിലയൻസിനെ രാജസ്ഥാൻ സർക്കാർ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിഗണിച്ച ശേഷമാണോ പദ്ധതി നടത്തിപ്പ് റിലയൻസിനെ ഏല്പിച്ചത്?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കുടിവെള്ളത്തിന് നിയന്ത്രണം</u>

*67 ശ്രീ. കെ. രാജു
,, സി. ദിവാകരൻ
,, ജി.എസ്. ജയലാൽ
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന് നിയന്ത്രണം ഏർപ്പെടുത്തണമെന്ന നിർദ്ദേശങ്ങളുണ്ടായിട്ടുണ്ടോ; എങ്കിൽ നഗര പ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനാണ് നിർദ്ദേശമുണ്ടായതെന്ന് വിശദമാക്കുമോ;

(ബി) കുടിവെള്ളത്തിന് നിയന്ത്രണം ഏർപ്പെടുത്തണമെന്ന നിർദ്ദേശങ്ങളിൻമേൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്ത് തീരുമാനമാണെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് നൂതന ആശയങ്ങൾ</u>

*68 ശ്രീ. റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്
,, എം.വി. ശ്രേയാംസ് കുമാർ
,, ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖല മുൻ വർഷങ്ങളെ അപേക്ഷിച്ച് നടപ്പു സാമ്പത്തിക വർഷം എത്രത്തോളം വളർച്ച പ്രാപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നല്കുമോ;

(ബി) വിനോദ സഞ്ചാര രംഗത്തുണ്ടായ വളർച്ച എപ്രകാരമാണ് നിശ്ചയിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ;

(സി) ഈ മേഖലയുടെ സമഗ്രമായ വളർച്ച ലക്ഷ്യമാക്കി എന്തെല്ലാം നൂതന ആശയങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഗ്രാമീണ വിനോദ സഞ്ചാരം ഈ മേഖലയുടെ വളർച്ചയിൽ എത്രത്തോളം സഹായകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ഇ) 2013-14 സാമ്പത്തിക വർഷം ഗ്രാമീണ മേഖലകളിലെ വിനോദ സഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുളളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

ഡോക്ടർമാരുടെ നിർബന്ധിത ഗ്രാമീണ സേവനം

*69 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ്കളിൽ നിന്നും എം. ബി. ബി. എസ്. പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന ഡോക്ടർമാർക്ക്, ഗ്രാമീണ സേവനം നടപ്പിലാക്കിയിരുന്നത് ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ഗ്രാമീണ മേഖലകളിലെ ഡോക്ടർമാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>യുവജനങ്ങളെ ഭിന്നിപ്പിക്കൽ</u>

*70 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, റ്റി. വി. രാജേഷ്
,, കെ. ദാസൻ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളെ വർഗീയ തീവ്രവാദ ജാതീയ ചേരികളിലാക്കി ഭിന്നിപ്പിക്കാനും രാഷ്ട്രീയ അവബോധം ഇല്ലാതാക്കുവാനും സംഘടിതമായ ശ്രമങ്ങൾ സംസ്ഥാനത്ത് നടന്നു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ശ്രമങ്ങളെ തുറന്ന് കാട്ടാനും, പ്രവണതകളെ അവസാനിപ്പിക്കാനും തയ്യാറാകുമോ;

(സി) യുവജനക്ഷേമ ബോർഡ് ഇതു സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>സെൽഫ് സഫിഷ്യന്റ് വില്ലേജ് പദ്ധതിയുടെ പുരോഗതി</u>

*71 ശ്രീ. ആർ. രാജേഷ്
,, എസ്. ശർമ്മ
,, ജി. സുധാകരൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിവികസന വകുപ്പ് നടപ്പിലാക്കുന്ന സെൽഫ് സഫിഷ്യന്റ് വില്ലേജ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പുന:സംഘടന

*72 ശ്രീ. പാലോട് രവി
,, കെ. മുരളീധരൻ
,, എം. പി വിൻസെന്റ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പുന:സംഘടിപ്പിക്കാനുളള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തൊഴിൽരഹിതരെ ഏതെങ്കിലും മേഖലയിൽ പ്രാപ്തരാക്കുക എന്ന ലക്ഷ്യം മുൻനിർത്തി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) രജിസ്റ്റർ ചെയ്തിട്ടുളളവർക്ക് പരിശീലനം നൽകുന്നതിനുളള വ്യവസ്ഥകൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേന്ദ്രം അനുവദിച്ച പദ്ധതികൾ</u>

*73 ശ്രീ. കെ. വി. വിജയദാസ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എസ്. രാജേന്ദ്രൻ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം, കൃഷി, ജലസേചനം തുടങ്ങിയ മേഖലകളിൽ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിന് ഏതൊക്കെ പദ്ധതികളാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രം ഏതൊക്കെ പദ്ധതികൾ അനുവദിച്ചു; അവയ്ക്കോരോന്നിനും എത്ര തുക വീതം ലഭ്യമാക്കിയെന്നറിയിക്കാമോ;

(സി) തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് ജില്ലകൾക്കായി കഴിഞ്ഞ വർഷം എന്തു തുകയാണ് അനുവദിച്ചത്;

(ഡി) അനുവദിച്ച ഫണ്ട് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ജീവിതശൈലീ രോഗ നിയന്ത്രണത്തിനുള്ള</u>
<u>കർമ്മ പദ്ധതി</u>

*74 ശ്രീ. ഷാഫി പറമ്പിൽ
,, കെ. മുരളീധരൻ
,, എം.എ. വാഹീദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗ നിയന്ത്രണത്തിനുള്ള നൂതന കർമ്മ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ ലഭ്യമാക്കാനുദ്ദേശിക്കുന്നത്;

(ഡി) ജീവിതശൈലീ രോഗ നിയന്ത്രണ ബോധവൽക്കരണ പ്രവർത്തനങ്ങൾ, പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>നോക്കുകൂലി</u>

*75 ശ്രീ. ഡൊമനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത ജില്ലകളിലെ നോക്കുകൂലി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ശേഷിക്കുന്ന ജില്ലകളെ കൂടി നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം

*76 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മനോഹരമായി പായ്ക്ക് ചെയ്ത് സംസ്ഥാനത്തുടനീളം വിപണനം ചെയ്യുന്ന ബദാംമിക്സ്, പിസ്താ പൗഡർ, ഐസ്ക്രീം പൗഡർ, ചോക്ലേറ്റ് പൗഡർ, ഗ്ലൂക്കോസ് പൗഡർ, ജൂസ് പൗഡർ എന്നീ പേരുകളിലറിയപ്പെടുന്ന വസ്തുക്കളുടെ ഗുണനിലവാരമോ, അവയിലടങ്ങിയിട്ടുള്ള വസ്തുക്കളെയോ സംബന്ധിച്ച് ഏതെങ്കിലും ഏജൻസി പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനാഫലം വെളിപ്പെടുത്തുമോ;

(ബി) ഇവയുടെ ഉറവിടമോ; ഉല്പാദന കേന്ദ്രങ്ങളോ പരിശോധിച്ച് സുരക്ഷാ സംവിധാനങ്ങൾ ഉറപ്പു വരുത്തിയിട്ടുണ്ടോ;

(സി) ഇവയിൽ ഹാനികരമായ രാസവസ്തുക്കൾ, അജിനാമോട്ടോ, നിരോധിത നിറങ്ങൾ, എന്നിവ ചേർത്തിട്ടുണ്ടോ എന്ന കാര്യം ആരും പരിശോധിക്കാറില്ലെന്നും അതു സംബന്ധിച്ച കേസുകളൊന്നും രജിസ്റ്റർ ചെയ്യാറില്ലെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുട്ടികളിൽ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം ഭക്ഷ്യവസ്തുക്കൾ വിപണനം നടത്തുന്നതിനെതിരെ കർശന നടപടിക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം</u>

*77 ശ്രീ. കെ. ദാസൻ
,, എളമരം കരീം
,, കെ.കെ. നാരായണൻ
,, സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ വ്യാപകമായി അഴിമതിയും സ്വജനപക്ഷപാതവുമുണ്ടെന്ന് ഐ. എൻ.ടി.യു.സി അഖിലേന്ത്യാ നേതാവിന്റെ പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായോ;

(ബി) തൊഴിൽവകുപ്പിന്റെ കീഴിലുളള ക്ഷേമനിധികൾ മിക്കതും കുത്തഴിഞ്ഞതായി മാറിയിരിക്കുന്നു എന്ന പ്രസ്താവനയുടെ പശ്ചാത്തലത്തിൽ ക്ഷേമനിധി ബോർഡുകൾ ഓരോന്നിന്റെയും 2012-13 വർഷം വരെയുളള പ്രവർത്തനം വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2013–ലെ മറുപടിക്ക്

<u>വെർച്ച്വൽ ക്ലാസ് റൂം</u>

*78 ശ്രീ. റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി.ഐ.കളിൽ വെർച്ച്വൽ ക്ലാസ് റൂം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന് ഏതെല്ലാം ആധുനികസാങ്കേതികവിദ്യകളാണ് ഉപയോഗി ക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പുനസംഘടന</u>

*79 ശ്രീ. എം. ഉമ്മർ
,, എൻ. ഷംസുദ്ദീൻ
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാലാനുസൃതമായി പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ശേഷം, സ്ഥിരവരുമാനമുള്ള ജോലി ലഭിച്ചവരെ റോളിൽനിന്നും ഒഴിവാക്കാറുണ്ടോ ; എങ്കിൽ അതിന് അനുവർത്തിച്ചുവരുന്ന രീതി വിശദമാക്കുമോ ;

(സി) വർഷങ്ങൾക്കുമുമ്പ് രജിസ്റ്റർ ചെയ്ത് സ്ഥിരമായി പുതുക്കുന്നവരെ ഒരു പ്രാവശ്യംപോലും നിയമനത്തിനായി പരിഗണിക്കാതിരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം 1-1-2012 പ്രകാരം എത്രയാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസം</u>

*80 ശ്രീ. ബി. സത്യൻ
,, സി. കൃഷ്ണൻ
,, ആർ. രാജേഷ്
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാ കുടുംബങ്ങൾക്കും വീട് നൽകുന്നതിനും പുനരധിവാസം നടപ്പിലാക്കാനുമായി പദ്ധതികൾ പ്രഖ്യാപിച്ചിരുന്നോ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പദ്ധതി ലക്ഷ്യം നേടിയതായി കരുതുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ആശാപ്രവർത്തകർക്കുള്ള ഓണറേറിയം</u>

*81 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. പി. കെ. ഗുരുദാസൻ
,, എ. എം. ആരിഫ്
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശാപ്രവർത്തകർക്ക് നൽകേണ്ട ഓണറേറിയം കൃത്യമായി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) സർക്കാർ പ്രഖ്യാപിച്ചതിലും കുറഞ്ഞ തുക ഓണറേറിയമായി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓണറേറിയം 3000 രൂപയായി ഉയർത്തണമെന്ന ആശാ പ്രവർത്തകരുടെ ആവശ്യത്തിൽ, സർക്കാരിന്റെ നിലപാട് അറിയിക്കുമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷം നാളിതുവരെയും ഓണറേറിയം നൽകാനായി ചെലവഴിച്ച തുകയെത്രയെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

108 ആംബുലൻസ്

*82 ശ്രീ. കെ. അച്ചുതൻ
,, എ. ടി. ജോർജ്
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് ശൃംഖല സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന് എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ ആംബുലൻസുകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.02.2013–ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശന തട്ടിപ്പ്</u>

*83 ശ്രീ. റ്റി. വി. രാജേഷ്
,, എം. എ. ബേബി
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരുമായി കരാറിലേർപ്പെടാത്ത സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശന തട്ടിപ്പ് നടത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോളേജുകൾക്കെതിരെ ഇതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) അംഗീകാരം റദ്ദാക്കാതിരിക്കാനായി മാനേജ്മെന്റുകൾ കോടതിയെ സമീപിച്ചപ്പോൾ സർക്കാരിനുവേണ്ടി ഹാജരായ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഉന്നയിച്ച വാദങ്ങൾ എന്താണെന്നറിയിക്കുമോ;

(ഡി) കരാറിലേർപ്പെടാത്ത മറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ള കോളേജുകളിലും പരിശോധന നടത്താനായി ഒരു സമിതിയെ നിയോഗിക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>അനാരോഗ്യം സൃഷ്ടിക്കുന്നതിൽ മദ്യത്തിനുള്ള പങ്ക്</u>

*84 ശ്രീ. പി.കെ. ബഷീർ
,, എം.പി. അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യകേന്ദ്രങ്ങളിൽ ചികിത്സ തേടിയെത്തുന്നവരിൽ, രോഗഹേതുവായ ഘടകങ്ങളിൽ, മദ്യത്തിനുള്ള പങ്കിനെക്കുറിച്ച് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോ;

(ബി) അനാരോഗ്യം സൃഷ്ടിക്കുന്നതിൽ മദ്യത്തിനുള്ള പങ്കിനെക്കുറിച്ചുള്ള പഠനം രോഗികളിൽ എപ്പോഴെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ, അതുസംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ വിഷയത്തിൽ സംസ്ഥാനത്തെ സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളിലുൾപ്പെടെ സമഗ്രമായ ഒരു പഠനം ഒരു കാലപരിധിക്കുള്ളിൽ നടത്തുകയും, ശേഖരിക്കുന്ന വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

## സീപ്ലെയിൻ സർവ്വീസ് പദ്ധതി

*85 ശ്രീ. എ. റ്റി. ജോർജ്
,, പി. എ. മാധവൻ
,, സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സീപ്ലെയിൻ സർവ്വീസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ചാണ് സർവ്വീസ് നടത്താനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ഹോട്ടലുകളിലെ ഭക്ഷ്യവിഷബാധ</u>

*86 ശ്രീ. കെ. സുരേഷ് കുറുപ്പ്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ.കെ. ജയചന്ദ്രൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോട്ടൽ ഭക്ഷണത്തിൽ നിന്ന് ഭക്ഷ്യവിഷബാധയേൽക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭക്ഷ്യവിഷബാധയെ തുടർന്ന് പൂട്ടിയ വൻകിട/ചെറുകിട ഹോട്ടലുകളും ബേക്കറികളും അതിനടുത്ത ദിവസം തന്നെ തുറന്ന് പ്രവർത്തിക്കാനിടയാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; മൾട്ടി ഡിസിപ്ലിനറി കമ്മിറ്റിയുടെ പരിശോധനയ്ക്ക് ശേഷമാണോ ഇവ തുറന്ന് പ്രവർത്തിച്ചത്;

(സി) ശക്തവും മാതൃകാപരവുമായ തുടർനടപടികളില്ലാത്തതിനാലാണ് ഒരേ സ്ഥാപനത്തിൽ കുറ്റം ആവർത്തിക്കുന്നതിനും രാഷ്ട്രപതി, സംസ്ഥാന മന്ത്രിമാർ തുടങ്ങിയ വിവിഐപി കൾക്ക് പഴയ ഭക്ഷം നൽകാനിടയായതെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>അനധികൃത മാനസികാരോഗ്യ കേന്ദ്രങ്ങൾ</u>

*87 ശ്രീമതി. കെ. എസ്. സലീഖ
ശ്രീ. പി.കെ. ഗുരുദാസൻ
,, എ. പ്രദീപ്കുമാർ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മാനസികാരോഗ്യ കേന്ദ്രങ്ങളെ നിയന്ത്രിക്കാൻ എന്തെക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ബി) ലൈസൻസിനായി അപേക്ഷിച്ച 107 സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ എത്രയെണ്ണത്തിനാണ് അംഗീകാരം നൽകിയതെന്ന് അറിയിക്കുമോ; ബാക്കിയുളളവയുടെ പ്രവർത്തനം നിർത്താൻ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(സി) അനധികൃത കേന്ദ്രങ്ങളെ കണ്ടുപിടിച്ച് നിയന്ത്രിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നറിയിക്കുമോ;

(ഡി) അശാസ്ത്രീയ ചികിത്സാരീതികൾ പിന്തുടരുന്ന സ്ഥാപനങ്ങളുടെ മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാൻ മാനസികാരോഗ്യകേന്ദ്രങ്ങളുടെ കാര്യത്തിലെന്ന പോലെ മോണിറ്ററിംഗ് കമ്മറ്റിയോ, ബോർഡ് ഓഫ് വിസിറ്റേഴ്സോ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

*88 ശ്രീ. പി. തിലോത്തമൻ
,, സി. ദിവാകരൻ
,, ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഇൻഷ്വറൻസ് കമ്പനി ഏതാണ്;

(ബി) പ്രസ്തുത പദ്ധതി മറ്റേതെങ്കിലും കമ്പനികൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?;

(സി) സ്വകാര്യ സ്ഥാപനങ്ങളിലൂടെ പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടത്താൻ കഴിയില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, പ്രസ്തുത പദ്ധതി കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യ പങ്കാളിത്തം വഴി കുടിവെള്ള വിതരണം</u>

*89 ശ്രീ. ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണത്തിനായി സ്വകാര്യ പങ്കാളിത്ത കമ്പനി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കമ്പനിയുടെ ഘടന എന്താണെന്ന് വിശദമാക്കാമോ;

(സി) കേരള വാട്ടർ അതോറിറ്റി എന്ന സ്ഥാപനം നിലവിലുള്ളപ്പോൾ കുടിവെള്ള വിതരണ മേഖല സ്വകാര്യവൽക്കരിക്കുവാനുള്ള നീക്കം പൊതുജനങ്ങളുടെ താത്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുടിവെള്ളം വാണിജ്യവൽക്കരിക്കപ്പെടാതിരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>സൗജന്യ ജനറിക് മരുന്നു വിതരണം</u>

*90 ശ്രീ. എ. കെ. ബാലൻ
,, എളമരം കരീം
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗജന്യ ജനറിക് മരുന്നു വിതരണത്തിന് കൂടുതൽ തുക അനുവദിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഇപ്പോൾ പ്രസ്തുത പദ്ധതി ഏതൊക്കെ ആശുപത്രികളിലാണ് പ്രാവർത്തികമാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) ആവശ്യമായ ബഡ്ജറ്റ് വിഹിതം അനുവദിക്കാതെ പ്രസ്തുത പദ്ധതി നടപ്പാക്കിയതുവഴി പദ്ധയിൽപ്പെടാത്ത ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന പാവപ്പെട്ട രോഗികൾക്ക് മരുന്നു ലഭ്യമാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സംസ്ഥാനത്തൊട്ടാകെ പദ്ധതി നടപ്പാക്കാനാവശ്യമായ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) കെ.എം.എസ്.സി.എൽ. വഴി വാങ്ങി വിതരണം ചെയ്യുന്ന മരുന്നുകളുടെ പ്രതിമാസ കണക്ക് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനു മുമ്പും ശേഷവും വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; ഇതിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി വിറ്റഴിച്ച മരുന്നുകളെത്രയെന്നും അറിയിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജനുവരി 29.